## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2433 07. 02. 2019 ൽ മറുപടിക്ക്

### പ്രത്യേക നിർമ്മാണ കമ്പനി രൂപീകരണം

ചോദ്യം

ശ്രീ.വി. കെ.ഇബ്രാഹിം കുഞ്ഞ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൻകിട വൈദ്യുത പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ വൈദ്യുത ബോർഡിലെ സിവിൽ എൻജിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനായി പ്രത്യേക നിർമ്മാണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;; | (എ) ഉണ്ട്. |
| (ബി) ഇതിനായി ബോർഡിന്റെ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) കെ.എസ്.ഇ.ബി.ലിമിറ്റഡിൽ ഇതിനായി ഒരു സബ്സിഡിയറി കമ്പനി രൂപവല്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള കെ.എസ്.ഇ.ബി.ലിമിറ്റഡ് കമ്പനിയുടെ ഘടനയിൽ മറ്റു മാറ്റങ്ങൾ ഒന്നും ഉണ്ടാകുകയില്ല. |
| (സി) ഈ കമ്പനി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) അടുത്ത രണ്ടു വർഷത്തേയ്ക്ക് കൺസൽട്ടൻസി വഴി നടപ്പിലാക്കാൻ അനുമതി ലഭിച്ച 714 കോടിയുടെ ആരോഗ്യ വകുപ്പിന്റേതുൾപ്പെടെ സർക്കാരിലും പൊതുമേഖലയിലുമുള്ള നിരവധി വിവിധോദ്ദേശങ്ങളായ നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ കൺസൽട്ടൻസി സേവനമാണ് പ്രത്യേക സബ്സിഡിയറി കമ്പനി മുഖേന ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ